പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4153 24.06.2019 ൽ മറുപടിയ്ക്ക്

<u>വന്യമൃഗാക്രമണത്തിൽ നിന്നും ജനങ്ങൾക്കും കർഷകർക്കും സംരക്ഷണം</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ് | | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗാക്രമണത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗാക്രമണത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ഇനം | എണ്ണം | നഷ്ടപരിഹാരം ലക്ഷത്തിൽ) |
|---|---|---|
| വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവർ (പാമ്പുകടി ഒഴികെ) | 83 | 367.61 |
| വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണം | 290 | 265.00 |
| വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവർ | 2569 | 580.819 |
| വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ചത് | 19400 (8672.251 ഹെക്ടർ) | 1282.67 |

| | | |
|---|---|---|
| (ബി) | വന്യമൃഗശല്യം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് ഏതു വിധേനയാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ; | (ബി) 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരം നൽകുന്നുണ്ട്. |

| | | |
|---|---|---|
| (സി) | കർഷകർക്ക് തൃപ്തികരമായ രീതിയിലുള്ള നഷ്ടപരിഹാരം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി)കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് 08.01.2015ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.2/15/വനം പ്രകാരമാണ്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്ട് മുഖാന്തിരം ഓൺലൈനായിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ